

# മലക്കപ്പാറ മേരിമാതാ മിഷൻ കേന്ദ്രം

ഇരിങ്ങാലക്കുട രൂപതയുടെ കിഴക്കേ അതിർത്തിയിൽ തമിഴ്നാട് സംസ്ഥാനത്തോട് തൊട്ടുകിടക്കുന്ന ഒരു മലയോര പ്രദേശമാണ് മലക്കപ്പാറ. ടാറ്റാ കമ്പനിയുടെ തേയിലതോട്ടത്തിൽ തൊഴിലിനുവേണ്ടി ദശാബ്ദങ്ങൾക്ക് മുമ്പ് കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും കുടിയേറി താമസിച്ചവരാണ് ഇവിടത്തെ തൊഴിലാളി കുടുംബങ്ങൾ. ഇരിങ്ങാലക്കുട രൂപത രൂപംകൊണ്ട കാലത്ത് അരൂർമുഴി ഇടവകവികാരിയായിരുന്ന ഫാ. ജോർജ്ജ് ചിറ്റിലപ്പിള്ളി രൂപതയുടെ കിഴക്കേ അതിർത്തിയിൽ ഏകദേശം 65 കി.മീ. അപ്പുറം മലക്കപ്പാറയിൽ ഒരു കുരിശുരൂപം സ്ഥാപിച്ചു. പിന്നീട് വികാരിയായി ചാർജ്ജെടുത്ത ഫാ. ഡേവിസ് കല്ലിങ്ങൽ അവിടെയുള്ള ചെറിയ കത്തോലിക്ക സമൂഹത്തിനായി 1992 ജനുവരി 22-ന് സി.എസ്.ഐ.ക്കാരുടെ പ്രെയർഹാളിൽ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിലിന്റെ നിർദ്ദേശപ്രകാരം ആദ്യമായി ദിവ്യബലിയർപ്പിച്ചു. പിന്നീട് പ്രായോഗിക കാരണങ്ങളാൽ മലക്കപ്പാറ മിഷൻ ഇരിങ്ങാലക്കുട രൂപതാകേന്ദ്രം നേരിട്ട് ഏറ്റെടുത്തു.

1994 ഒക്ടോബർ 13-ന് അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ അറിവോടെ 20 x 20 അടി വിസ്തീർണ്ണത്തിൽ രണ്ടുനിലക്കെട്ടിടത്തിന്റെ ശിലാസ്ഥാപനം അരൂർമുഴി പള്ളി വികാരി ഫാ. തോമസ് പുതുശ്ശേരി നിർവ്വഹിച്ചു. 1995 ജനുവരി 4-ന് പണിപൂർത്തിയായപ്പോൾ മാർ ജെയിംസ് പഴയാറ്റിൽ പിതാവാണ് വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചത്. അരൂർമുഴി പള്ളി വികാരിമാർക്ക് പുറമേ രൂപതയിലെ സ്ഥാപനങ്ങളിൽ സേവനം അനുഷ്ടിക്കുന്ന ചില വൈദികരും ആവശ്യാനുസരണം ഇവിടെ സഹായിച്ചിട്ടുണ്ട്. ദേവാലയത്തിന് കൂടുതൽ സൗകര്യം ലഭിക്കുന്നതിനുവേണ്ടി സമീപസ്ഥലമായിരുന്ന പുറംപോക്ക് സ്ഥലം ഫാ. തോമസ് പുതുശ്ശേരിയുടെ നേതൃത്വത്തിൽ വാങ്ങുകയും ഫാ. ജോജി പാലമറ്റത്തിന്റെ നേതൃത്വത്തിൽ 40 അടി നീളത്തിൽ ഒരു ഹാൾ (ഷെഡ്) കെട്ടിയുണ്ടാക്കുകയും ചെയ്തു. പിന്നീട് വന്ന ഫാ. ബെന്നി ചെറുവത്തൂരിന്റെ നേതൃത്വത്തിൽ അത് ഒരു കൊച്ചുദേവാലയമാക്കി രൂപാന്തരപ്പെടുത്തി. 2003 ജനുവരി 26-ാം തിയ്യതി വെഞ്ചിരിപ്പുകർമ്മം അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവാണ് നിർവ്വഹിച്ചത്.